**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 635** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2021-22 മുതൽ 2025-26 വരെയുള്ള കാലഘട്ടത്തിൽ വിവിധ പദ്ധതികളിലൂടെ അനുവദിച്ച സഹായം, എണ്ണം എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** **<u>പട്ടിക ജാതി വികസന വകുപ്പ്</u>**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

**1) ഭൂരഹിത പുനരധിവാസ പദ്ധതി**

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ലൈഫ് മിഷൻ ഭൂരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം പരിശോധിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 മുതൽ 2025-26 വരെയുള്ള കാലഘട്ടത്തിൽ ഭൂമി അനുവദിച്ച ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2021-22 | 4020 |
| 2022-23 | 3295 |
| 2023-24 | 3340 |
| 2024-25 | 1756 |
| 2025-26 | 1560 |

**2) ഭവന നിർമ്മാണ ധനസഹായം**

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണം നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. 2021-22 മുതൽ 2025-26 വരെയുള്ള കാലഘട്ടത്തിൽ ലൈഫ്

മിഷൻ മുഖേന ഭവന നിർമ്മാണ ധനസഹായം ലഭ്യമായ ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| **വർഷം** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|
| 2021-22 | 14248 |
| 2022-23 | 31527 |
| 2023-24 | 12974 |
| 2024-25 | 6642 |
| 2025-26 | 7218 |

**<u>പട്ടിക വർഗ്ഗ വികസന വകുപ്പ്</u>**

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 2021-22 മുതൽ 2025-26 വരെയുള്ള കാലഘട്ടത്തിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ലാന്റ് ബാങ്ക് എന്നീ പദ്ധതികളിലൂടെ ഭൂമി അനുവദിച്ച കുടുംബങ്ങളുടെ എണ്ണം, വീട് അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | ഭൂമി അനുവദിച്ച കുടുംബങ്ങളുടെ എണ്ണം | വീട് അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-22 | 415 | 154 |
| 2022-23 | 1316 | 115 |
| 2023-24 | 1986 | 28 |
| 2024-25 | 191 | 16 |
| 2025-26 | 277 | 11 |

കൂടാതെ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുള്ള പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ എണ്ണം ലൈഫ് മിഷൻ ലഭ്യമാക്കിയിട്ടുണ്ട്. ആയത് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | ഭവന നിർമ്മാണ ധന സഹായം ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2021-22 | 6614 |
| 2022-23 | 8394 |
| 2023-24 | 4023 |
| 2024-25 | 3102 |

| | |
|---|---|
| 2025-26 | 2020 |
| ആകെ | 24153 |

**സെക്ഷൻ ഓഫീസർ**